"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കേരളാ പഞ്ചായത്ത് രാജ് ആക്ട് - ഇടുക്കി ജില്ലയിലെ ആലക്കോട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 30.12.2024 ലെ 19(1) , 23.01.2025 ലെ 5(1) നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.563/2025/LSGD തീയതി,തിരുവനന്തപുരം, 27-02-2025

---

പരാമർശം:- 1. ആലക്കോട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 30.12.2024-ലെ 19(1) നമ്പർ തീരുമാനം

2. ആലക്കോട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 23.01.2025 ലെ 5(1) നമ്പർ തീരുമാനം

3. ആലക്കോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 29.01.2025-ലെ 400554/DGAP01/GPO/2025/335 നമ്പർ കത്ത്.

ഉത്തരവ്

ആലക്കോട് ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിൽ ശ്രീ.ബഷീർ, കുഞ്ഞത്തി വീട്, അല്ലപ്ര പി ഒ, എറണാകുളം എന്നയാളുടെ ഉടമസ്ഥതയിലുള്ള ആലക്കോട് വില്ലേജിൽ സർവ്വേ നമ്പർ 325/1-1, 325/1-3, 327/1-1 എന്നിവയിൽ ഉൾപ്പെട്ട 96 ആർ 39 സ്ക്വ.മീറ്റർ സ്ഥലത്ത് ജി2 ഒക്യുപൻസിയിൽ 1196.36 ച.മീ വിസ്തീർണ്ണത്തിലും എ2 ഒക്യുപൻസിയിൽ 275.93 ച.മീ വിസ്തീർണ്ണത്തിലും വൈറ്റ് ഓക്ക് പ്ലൈ ഇൻഡസ്ട്രീസ് എന്ന വ്യവസായ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി, പ്രസ്തുത സ്ഥാപനം തുടങ്ങുന്നതിന് ആവശ്യമായ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം അടക്കം മതിയായ എല്ലാ രേഖകളും സഹിതം അപേക്ഷ നൽകിയിരുന്നുവെന്നും നിർമ്മാണാനുമതി നൽകാവുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും എന്നാൽ പ്രസ്തുത വ്യവസായ യൂണിറ്റ് നിലവിൽ വന്നാൽ കുടിവെള്ളം, വായു തുടങ്ങിയവ മലിനപ്പെടുമെന്നും പൊതുജനതാല്പര്യത്തിന് എതിരാണെന്നുമുള്ള കാരണത്താൽ നിർമ്മാണ അനുമതി നൽകേണ്ടതില്ല എന്ന് പരാമർശം 1 പ്രകാരം ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതായി പരാമർശം 3 പ്രകാരം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. നിയമാനുസൃതമായ എല്ലാ രേഖകളോടും കൂടി സമർപ്പിക്കപ്പെട്ട അപേക്ഷ ആയതിനാലും അസിസ്റ്റന്റ് എഞ്ചിനീയർ അന്വേഷിച്ച് അനുമതി നൽകാവുന്നതാണെന്ന് റിപ്പോർട്ട് നൽകിയിട്ടുള്ളതിനാലും പഞ്ചായത്ത് കമ്മിറ്റി പ്രതികൂല തീരുമാനമെടുത്തെങ്കിൽ കൂടി നിലവിലുള്ള നിയമങ്ങളനുസരിച്ച് പഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നിഷേധിക്കാനാവില്ലെന്ന് 30.12.2024-ലെ കമ്മിറ്റിയിൽ സെക്രട്ടറി വിശദീകരിച്ച സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള തീരുമാനം 23.01.2025-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പുനഃപരിശോധിക്കുകയും പ്രസ്തുത തീരുമാനത്തിൽ മാറ്റം

വരുത്തേണ്ടതില്ലെന്ന് പരാമർശം (2) പ്രകാരം തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടിക്രമം) ചട്ടങ്ങളുടെ ചട്ടം 29(3) അനുസരിച്ച് പഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലക്കോട് ഗ്രാമ പഞ്ചായത്തിൽ വൈറ്റ് ഓക്ക് പ്ലൈ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് നിർമ്മാണാനുമതി നൽകേണ്ടതില്ലെന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.12.2024 ലെ 19(1), 23.01.2025 ലെ 5(1) നമ്പർ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 191(4) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് സ്റ്റേ ചെയ്യും സെക്ഷൻ 191(2) പ്രകാരം ടി തീരുമാനങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്യും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം 695035 (പരാമർശിത പ്രമാണങ്ങളും ആമുഖ കത്തുമുൾപ്പെടെ)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ജില്ല ജോയിന്റ് ഡയറക്ടർ, ഇടുക്കി
സെക്രട്ടറി, ആലക്കോട് ഗ്രാമപഞ്ചായത്ത്, ഇടുക്കി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് ആന്റ് ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്
(സർക്കാർ വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Shini Pereira. V
Date: 27-02-2025 16:46:16
സെക്ഷൻ ഓഫീസർ